ജില്ലാ കളക്ടറുടെ കാര്യാലയം
വയനാട്.കൽപ്പറ്റ
ഫോൺ.04936 202251,ഫാക്സ്. 04936 203450
ഇമെയിൽ: deocwyd@gmail.com

**വയനാട് ജില്ലാ കലക്ടർ & ചെയർമാൻ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നടപടിക്രമം**

**(ഹാജർ: ഡോ. അദീല അബ്ദുള്ള ഐ.എ.എസ്)**

**ഉത്തരവ് നമ്പർ DCWYD/2909/2020-DM1 തീയതി 16.3.2020**

വിഷയം:-ഡിസാസ്റ്റർ മാനേജ്മെന്റ്-കൊറോണ കോവിഡ് 19 വ്യാപനം തടയുന്നത് -ജില്ലയിൽ ഹാൻഡ് സാനിറ്റൈസർ ലഭ്യത ഉറപ്പുവരുന്നത്- സംബന്ധിച്ച്.

---

ലോകമെങ്ങും കൊറോണ വൈറസ് മൂലമുള്ള കോവിഡ് 19 എന്ന രോഗം വ്യാപിച്ചിരിക്കുന്നതും ആറായിരത്തോളം പേർ ഇതുവരെ അതുമൂലം മരണപ്പെട്ടിട്ടുമുള്ള സാഹചര്യത്തിൽ കൊറോണക്കെതിരെയുള്ള പ്രതിരോധ നടപടികൾ സംസ്ഥാനത്ത് ശക്തമാക്കിക്കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ നിലവിൽ 235 പേർ ഇതുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ ആണ്. എന്നാൽ പ്രതിരോധ നടപടികൾക്കാവശ്യമായ മാസ്ക്, ഹാൻഡ് സാനിറ്റൈസർ എന്നിവയുടെ ലഭ്യതക്കുറവ് ജില്ലയിലുണ്ട് . വ്യാപാര സ്ഥാപന മേധാവികളുടെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുമ്പോൾ ഹാൻഡ് സാനിറ്റൈസർ വ്യാവസായികാടിസ്ഥാനത്തിൽ ഉദ്പാദിച്ച് നൽകാൻ തയ്യാറാണെന്ന് ടീം തായ് - ആഷിഖ് കെമിക്കൽസ് & കോസ്മെറ്റിക്സ് പൂമല പി.ഒ, സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിന്റെ പ്രതിനിധി അറിയിച്ചിരുന്നു. എന്നാൽ അതിനാവശ്യമായ ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നതേയുള്ളുവെന്ന് ഇന്ന് (16/03/2020) അവരുടെ ഫാക്ടറി വിഭാഗം തലവൻ ഹാജരായി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

O/c

കോവിഡ്-19 എന്ന രോഗ വ്യാപനം തടയുന്നതിനായി അതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനായി ഹാൻഡ് സാനിറ്റൈസർ, മാസ്ക് എന്നിവയുടെ ലഭ്യത അടിയന്തരമായി ഉറപ്പുവരുത്തേണ്ടതുമാകുന്നു . സൗജന്യമായി റെക്റ്റിഫൈഡ് സ്പിരിറ്റ് ലഭ്യമാക്കുന്ന പക്ഷം ജില്ലാ ഭരണകൂടത്തിന് ഹാൻഡ് സാനിറ്റൈസർ സൗജന്യമായി ഉദ്പാദിപ്പിച്ച് തരാമെന്ന് ടീം തായ് ആഷിഖ് കെമിക്കൽസ് & കോസ്മെറ്റിക്സ് പൂമല പി.ഒ, സുൽത്താൻ ബത്തേരി എന്ന സ്ഥാപനം സന്നദ്ധത അറിയിച്ചിട്ടുണ്ട്. വയനാട് ഡെപ്യൂട്ടി കമ്മീഷണറുമായി ബന്ധപ്പെട്ടതിൽ കോഴിക്കോട് ജില്ലയിൽ സർക്കാറിലേക്ക് കണ്ടുകെട്ടിയ 435.95 ലിറ്റർ സ്പിരിറ്റ് ഉള്ളതായി അദ്ദേഹം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹാൻഡ് സാനിറ്റൈസർ നിർമ്മാണാവശ്യത്തിലേക്കായി റെക്റ്റിഫൈഡ് സ്പിരിട്ട് ടീം തായ് ആഷിഖ്

കെമിക്കൽസ് & കോസ്മെറ്റിക്സ് എന്ന സ്ഥാപനത്തിന് കൈമാറുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വയനാടിന് ദുരന്ത നിവാരണ ആക്ടിലെ വകുപ്പ് 34(എം) പ്രകാരം ഇതിനാൽ ഉത്തരവ് നൽകുന്നു. സ്പിരിറ്റ് കൈമാറിയാൽ ഉടനെ ആ വിവരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ഇപ്രകാരം ലഭ്യമാക്കിയ സ്പിരിറ്റ് മറ്റാവശ്യങ്ങൾക്കുപയോഗിക്കില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഒരു ലിറ്റർ സ്പിരിറ്റ് ഉപയോഗിച്ച് 1.6 ലിറ്റർ ഹാൻഡ് സാനിറ്റൈസർ ഉദ്പാദിക്കാമെന്ന് കക്ഷികൾ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഉദ്പാദിച്ച ഹാൻഡ് സാനിറ്റൈസർ മുഴുവൻ ടീം തായ് ആഷിഖ് കെമിക്കൽസ് & കോസ്മെറ്റിക്സ് ജില്ലാ ഭരണകൂടത്തിന് എത്രയും പെട്ടെന്ന് കൈമാറേണ്ടതുമാണ്. ദുരന്തനിവാരണ ആക്ട് പ്രകാരമുള്ള ഈ പ്രത്യേക അനുമതിക്ക് 2020 മാർച്ച് 31 വരെ മാത്രമേ സാധുത ഉണ്ടായിരിക്കുകയുള്ളൂ. അതിനകം പ്രസ്തുത സ്പിരിറ്റ് പൂർണ്ണമായും ഈ ആവശ്യത്തിലേക്കായി ഉപയോഗിക്കേണ്ടതാണ്.

കൂടാതെ ഹാൻഡ് സാനിറ്റൈസറിന്റെ വ്യാവസായിക ഉദ്പാദനത്തിനാവശ്യമായ RS1 ലൈസൻസ് ലഭിക്കുന്നതിന് പ്രസ്തുത സ്ഥാപന മേധാവി നൽകിയിട്ടുള്ള അപേക്ഷയിലുള്ള നടപടി തങ്ങളുടെ ഉന്നതാധികാരികളുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ത്വരിതപ്പെടുത്തേണ്ടതാണ്.

ഗുണനിലവാരമുള്ള ഹാൻഡ് സാനിറ്റൈസർ നിർമ്മിക്കാൻ ആവശ്യമായ അളവിലാണ് ഉദ്പാദന ചേരുവകൾ മിശ്രണം ചെയ്യുന്നതെന്നും ഇപ്രകാരം ഉദ്പാദിപ്പിച്ച ഹാൻഡ് സാനിറ്റൈസറിന് പൊതുജന ഉപയോഗത്തിന് ആവശ്യമായ ഗുണനിലവാരം ഉണ്ടെന്നും ഡ്രഗ് ഇൻസ്പെക്ടർ, വയനാട് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഡ്രഗ്സ് ലൈസൻസിനായി ടീം തായ് ആഷിഖ് കെമിക്കൽസ് & കോസ്മെറ്റിക്സ് സമർപ്പിച്ച അപേക്ഷയിലുള്ള നടപടി ഡ്രഗ്സ് ഇൻസ്പെക്ടർ, വയനാട് ത്വരിതപ്പെടുത്തേണ്ടതാണ്.

16/03/20

ജില്ലാ കലക്ടർ & ചെയർമാൻ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
വയനാട്

1) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, വയനാട്
2) ഡ്രഗ്സ് ഇൻസ്പെക്ടർ, വയനാട്
3) ടീം തായ് ആഷിഖ് കെമിക്കൽസ് & കോസ്മെറ്റിക്സ്.